# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

എസി.എ1/3/8466/2017 03.05.2017

## വിജ്ഞാപനം

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2017-18 അദ്ധ്യയന വർഷ ത്തേയ്ക്ക്, നാമമാത്ര സീറ്റ് വർദ്ധനവിന് (Marginal increase of seats) കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. നിലവിലുള്ള സീറ്റുകളുടെ 25% വരെ വർദ്ധനവ് അനുവദിക്കു ന്നതാണ്. നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റും മാത്രമേ അനുവദിക്കുകയുള്ളൂ. 2017-18 അദ്ധ്യയന വർഷം വരെ സർവ്വകലാശാലയിൽ അടയ്ക്കേണ്ട എല്ലാവിധ ഫീസുകളും ഒടുക്കിയ കോളേജുകൾക്കു മാത്രമേ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുകയുള്ളൂ. നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ പ്രോഗ്രാം ഒന്നിന് 2,000/- (രണ്ടായിരം രൂപ മാത്രം) എന്ന നിരക്കിൽ ഫീസടച്ചുള്ള അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ 10.05.2017 തീയതിക്കകം എത്തി ക്കേണ്ടതാണ്. നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള പ്രോഗ്രാമുകൾ, അനുവദിച്ചിട്ടുള്ള സീറ്റുകൾ, നാമമാത്ര സീറ്റ് വർദ്ധനവ് വഴി ആവശ്യമുള്ള സീറ്റുകൾ എന്നിവ അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം.

ഒപ്പ്
**രജിസ്ട്രാർ**

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് ആർട്ട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാർക്കും
2. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്)
5. അന്വേഷണ വിഭാഗം/എസി.എ7/എസി.എ8/. എസി.സി./എസി.ബി.6/എസി.ബി 7
6. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പി.ആർ.ഒ. (മാധ്യമങ്ങളിൽ നൽകുന്നതിന്)
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

വിതരണത്തിനായി അംഗീകരിച്ച്

സെക്ഷൻ ഓഫീസർ